ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ആദ്യപടിയായി, നിയോജകമണ്ഡലാടിസ്ഥാനത്തിൽ 126 പുതിയ മാവേലിസ്റ്റോറുകൾ ഈ വർഷംതന്നെ തുടങ്ങുന്നതാണ്.

(സി) സംസ്ഥാനത്ത് ഒട്ടാകെ 21 മൊബൈൽ മാവേലിസ്റ്റോറുകൾ പ്രവർത്തിക്കുന്നു. അവയുടെ വിവരം താഴെ പറയുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | – | 1 |
| നെടുമങ്ങാട് | – | 1 |
| തൊടുപുഴ | – | 1 |
| മൂന്നാർ | – | 1 |
| പീരുമേട് | – | 1 |
| എറണാകുളം | – | 2 |
| വടക്കൻ പറവൂർ | – | 1 |
| ചേർത്തല | – | 1 |
| പാലക്കാട് | – | 1 |
| മഞ്ചേരി | – | 1 |
| തിരൂർ | – | 1 |
| മണ്ണാർക്കാട് | – | 1 |
| കോഴിക്കോട് | – | 2 |
| കൊയിലാണ്ടി | – | 1 |
| കണ്ണൂർ | – | 1 |
| കൽപ്പറ്റ | – | 2 |
| മാനന്തവാടി | – | 1 |
| സുൽത്താൻബത്തേരി | – | 1 |

(ഡി) തൽക്കാലം ഉദ്ദേശമില്ല.

(ഇ)&(എഫ്) മാവേലിസ്റ്റോറുകൾ മുഖേന 1997-98 വർഷത്തിൽ 93.32 കോടി രൂപയുടേയും 1998-99 വർഷത്തിൽ 136.27 കോടി രൂപയുടേയും വിറ്റു വരവുണ്ടായിട്ടുണ്ട്.

**81 (707) മണ്ണെണ്ണ പെർമിറ്റ് നൽകാൻ നടപടി**

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പേർക്ക് മണ്ണെണ്ണ പെർമിറ്റ് അധികമായി നൽകി എന്നും ഇപ്പോൾ ആകെ എത്രപേർക്കാണ് ഗാർഹിക പെർമിറ്റ് ഉള്ളതെന്നും വെളിപ്പെടുത്തുമോ;

(ബി) ഇനി എത്രപേർക്കാണ് അധികമായി മണ്ണെണ്ണ പെർമിറ്റ് നൽകാൻ ഉദ്ദേശിക്കുന്നതെന്നും അത് എന്നേയ്ക്ക് നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്ത് അനുഭവപ്പെടുന്ന ഇന്ധനക്ഷാമം കണക്കിലെടുത്ത് അപേക്ഷിച്ചിട്ടുള്ളവർക്കെല്ലാം സമയബന്ധിതമായി മണ്ണെണ്ണ പെർമിറ്റ് കൊടുക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാല് ലക്ഷത്തിലേറെ കുടുംബങ്ങൾക്ക് മണ്ണെണ്ണ പെർമിറ്റ് നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ഇപ്പോൾ 10,76,699 ഗാർഹിക പെർമിറ്റുകൾ ഉണ്ട്.

(ബി)&(സി) ലഭിച്ച അപേക്ഷകളിൽ അർഹതയുള്ള എല്ലാ കുടുംബങ്ങൾക്കും പെർമിറ്റ് നൽകണമെന്ന് ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമായാണ് 4 ലക്ഷം പെർമിറ്റുകൾ നറുക്കെടുപ്പിലൂടെ നൽകിയത്. രണ്ടാം ഘട്ടമായി 2 ലക്ഷം പെർമിറ്റുകൾ നൽകുന്ന പ്രക്രിയ ആരംഭിച്ചുകഴിഞ്ഞു. ശേഷിക്കുന്ന അർഹതപ്പെട്ട എല്ലാ അപേക്ഷകർക്കും ഇതുപോലെ സമയബന്ധിതമായിത്തന്നെ പെർമിറ്റ് നൽകുന്നതാണ്.

**82 (708) റേഷൻ കടകളിലൂടെ ചെലവായ അരി**

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1992 മുതൽ 1999 വരെ ഒരു വർഷം ശരാശരി എത്ര ടൺ റേഷൻ അരി റേഷൻ കടകളിലൂടെ ചെലവായിട്ടുണ്ട്; ഇതിന്റെ വിശദ കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

1992 മുതൽ 1999 വരെ റേഷൻ കടകളിലൂടെ ഒരു വർഷം ശരാശരി ചെലവായ അരിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1992 | - | 1937426 ടൺ |
| 1993 | - | 1770662 ടൺ |
| 1994 | - | 1024539 ടൺ |
| 1995 | - | 1015800 ടൺ |
| 1996 | - | 1484145 ടൺ |
| 1997 | - | 1609049 ടൺ |
| 1998 | - | 1646202 ടൺ |
| 1999 (ഏപ്രിൽ വരെ) | - | 757524 ടൺ |

**83 (709) പച്ചരി ക്ഷാമം**

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പച്ചരിയുടെ ക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly